കേരള കാർഷിക സർവ്വകലാശാല വാർത്തകൾ
(ഫെബ്രുവരി 14 – 20, 2020)

(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651
E-mail: ccmannuthy@kau.in, Phone: 0487-2370773)

No. C3/4/2020– 8 Dt. 13 .02.2020

ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ

പുഞ്ച നട്ട പാടങ്ങളിൽ നട്ട് 3 ആഴ്ച കഴിഞ്ഞ് ആദ്യത്തെ മേൽ വളം നൽകണം. തണ്ടുതുരപ്പൻ പുഴുവിനെതിരെ ട്രൈക്കൊകാർഡുകൾ ഉപയോഗിക്കുക. ബ്ലൈറ്റ്/ബ്ലാസ്റ്റ് രോഗങ്ങൾക്ക് പ്രതിരോധനടപടിയായി സ്യൂഡോമോണാസ് ലായനി 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കാം. നെല്ലിലെ മുഞ്ഞയെ നിയന്ത്രിക്കാൻ അക്രമണം കൂടുതലുള്ള കണ്ടങ്ങളിൽ രണ്ട് ഗ്രാം തയാമെതോക്സാം പത്ത് ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി ഇമിഡാക്ലോപ്രിഡ് പത്ത് ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക.

വരണ്ട കാലാവസ്ഥയിൽ നിന്നും വിളകളെ സംരക്ഷിക്കുന്നതിനായി ജലസേചനം ഉറപ്പു വരുത്തണം. ജലസേചന സൗകര്യമില്ലാത്ത അവസ്ഥയിൽ വൈക്കോലോ മറ്റ് ഉണങ്ങിയ വസ്തുക്കളോ കൊണ്ട് പുതയിടണം. മണ്ണിന്റെ ഗുണം, ഈർപ്പം നിലനിർത്താനുള്ള കഴിവ്, വെള്ളത്തിന്റെ ലഭ്യത എന്നിവ കണക്കിലെടുത്ത് ജലസേചന തടത്തിൽ പുതയിട്ടതിനുശേഷം നനക്കുന്നത് കൂടുതൽ ഗുണം ചെയ്യും.

ഫെബ്രുവരി മുതൽ മെയ് വരെയുള്ള കാലയളവിൽ വിത്തുതേങ്ങ സംഭരിക്കാവുന്നതാണ്. തെങ്ങിന് നന തുടരണം. തെങ്ങിൽ ചെന്നീരൊലിപ്പ് രോഗം കാണുകയാണെങ്കിൽ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തി മാറ്റി കത്തിച്ച് കളയണം. മുറിപാടുകളിൽ കാലിക്സിൻ അല്ലെങ്കിൽ കോൺടാഫ് 5 മില്ലി, 100 മില്ലി വെള്ളത്തിൽ കലക്കി തേച്ച് കൊടുക്കുക. അല്ലെങ്കിൽ കോൺടാഫ് 25 മില്ലി ലിറ്റർ, 25 ലിറ്റർ വെള്ളത്തിൽ കലക്കി തെങ്ങിൻ ചുവട്ടിൽ ഒഴിച്ച് മണ്ണ് കുതിർക്കുക.

തോട്ടത്തിൽ വേപ്പിൻ പിണ്ണാക്ക് 3–5 കിലോഗ്രാം വരെ ഒരു മരത്തിന് ഒരു വർഷത്തേയ്ക്ക് എന്ന തോതിൽ ഇടുന്നതും നല്ലതാണ്. ഒരു നല്ല ജൈവവളമെന്നതിനു പുറമെ കീടാക്രമണം കുറയ്ക്കാനും വേപ്പിൻ പിണ്ണാക്ക് ചേർക്കുന്നതിലൂടെ സാധിക്കും.

കൊമ്പൻ ചെല്ലികൾ മുട്ടയിടുന്ന സമയമാണിത്. കൂടുതലായി ചാണകക്കുഴി/ വളക്കുഴി എന്നിവിടങ്ങളിലാണ് ഇവ മുട്ടയിടുന്നത്. അവയെ നിയന്ത്രിക്കാൻ മെറ്റാറൈസിയം ജൈവകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ആവശ്യാനുസരണം വളക്കുഴിയിൽ ഒഴിച്ചുകൊടുക്കണം. കൊമ്പൻ ചെല്ലിയുടെ ആക്രമണം ഉള്ള തെങ്ങുകളിൽ ചെല്ലിക്കോൽ കൊണ്ട് കുത്തി കീടങ്ങളെ നിയന്ത്രിക്കാവുന്നതാണ്. ചെറിയ തെങ്ങിൻ തൈകളും അവയുടെ കടഭാഗവും

തണൽ നൽകി തെക്കൻ വെയിലിൽ നിന്നും സംരക്ഷിക്കേണ്ടതാണ്. മെടഞ്ഞ തെങ്ങോല തന്നെ ഇതിനായി ഉപയോഗിക്കാം.

കശുമാവിൻ തോട്ടത്തിലെ മുഴുവൻ കളകളും നീക്കം ചെയ്ത് തടങ്ങളിൽ പുതയിടുക. തോട്ടത്തിന് ചുറ്റും ഫയർ ബെൽറ്റ് ഉണ്ടാക്കുന്നത് നല്ലതാണ്. വൈകി പൂക്കുന്ന കശുമാവിനങ്ങളിൽ തേയിലകൊതുകിനെ നിയന്ത്രിക്കുന്നതിന് വേപ്പിൻ സത്തടങ്ങിയ ജൈവകീടനാശിനികൾ തളിക്കുക. മരങ്ങളുടെ ചുവട്ടിൽ തടിതുരപ്പൻ പുഴുവിനെ ശ്രദ്ധിക്കുക. സുഷിരങ്ങളും അതിലൂടെ ചണ്ടിയും പുറത്തേക്ക് വരുന്നതാണ് ലക്ഷണം. സുഷിരം കാണുന്ന ഭാഗം ചെത്തിയാൽ പുഴു തുരന്ന് പോയ വഴി കാണാം. ഈ വഴി പിന്തുടർന്ന് പുഴുവിനെ പുറത്തെടുത്ത് കൊല്ലുകയും അവിടെ വേപ്പെണ്ണ തേച്ച് മുറിവ് കെട്ടിവയ്ക്കുകയും ചെയ്യുക.

വാഴയിൽ നന തുടരണം. തടതുരപ്പൻപുഴുവിനെതിരെ തോട്ടത്തിലെ മണ്ണുകുഴച്ച് വാഴത്തടയിൽ തേച്ചുകൊടുക്കുക.

അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ പച്ചക്കറികളിൽ മണ്ഡരി, ഇലപ്പേൻ, വെള്ളീച്ച മുതലായ നീരൂറ്റി കുടിക്കുന്ന പ്രാണികൾ മൂലമുള്ള കുരുടിപ്പ് രോഗം കാണാൻ സാധ്യതയുണ്ട്. 20 ഗ്രാം വെർട്ടിസീലിയം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. അല്ലെങ്കിൽ വേപ്പെണ്ണയടങ്ങുന്ന കീടനാശിനികൾ പത്ത് ദിവസം ഇടവിട്ട് തളിക്കുകയോ ചെയ്യുക.

ജൈവ രീതിയിൽ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾക്ക് നാട്ടിലും മറുനാട്ടിലും വൻ സ്വീകരണമാണ് ലഭിച്ചുവരുന്നത്. നല്ല സൂര്യ പ്രകാശം ലഭിക്കുന്ന തുറസ്സായ സ്ഥലം പച്ചക്കറി കൃഷിക്കായി തെരഞ്ഞെടുക്കണം. ഭാഗീകമായി തണൽ വീഴുന്ന സ്ഥലങ്ങളിൽ ചെറിയ തണൽ ഇഷ്ടപ്പെടുന്ന തരം പച്ചക്കറികൾ വേണം നടാൻ. ചേന, ചേമ്പ്, സാമ്പാർ ചീര, ചെക്കുർമാനീസ് ഇവയൊക്കെ ഇവിടെ വളർത്താം. പ്രത്യേക തരം രോഗങ്ങളുടെയോ കീടങ്ങളുടെയോ നിരന്തര ഭീഷണിയുള്ള ഇടങ്ങളിൽ ഇവ പ്രതിരോധിക്കാൻ കഴിവുള്ള ഇനങ്ങൾ വേണം കൃഷി ചെയ്യാൻ. വഴുതനയിലെ പുസ പർപ്പിൾ, സൂര്യ, ശ്വേത, നീലിമ, ഹരിത എന്നീ ഇനങ്ങൾക്ക് ബാക്ടീരിയൽ വാട്ട രോഗത്തെ പ്രതിരോധിക്കാനും, വെണ്ടയിലെ സുസ്ഥിര, അരുണ, അർക്ക അഭയ് എന്നിവക്ക് ഇലമഞ്ഞളിപ്പ്, മൊസേക്ക്/നരപ്പൻ രോഗത്തെ ചെറുക്കാനും കഴിവുണ്ട്. തക്കാളിയിലെ ശക്തി, അനഘ, മുക്തി എന്നീ ഇനങ്ങൾക്ക് ബാക്ടീരിയൽ വാട്ടരോഗത്തെ ചെറുക്കാൻ കഴിവുണ്ട്. ഒട്ടുമിക്ക പച്ചക്കറി വിളകളിലും പ്രതിരോധ ശേഷിയുള്ള ഇനങ്ങൾ സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്.

ജൈവകൃഷിയിൽ ചിലവേറിയ ഭാഗമാണ് വളപ്രയോഗം. വിളയുടെ അവശിഷ്ടങ്ങളിലൂടെയോ പച്ചില വളങ്ങളിലൂടെയോ സ്വന്തമായി നിർമ്മിക്കുന്ന കമ്പോസ്റ്റിലൂടെ ആവശ്യമായ ജൈവവളം കുറഞ്ഞ ചെലവിൽ കണ്ടെത്താനാവണം. കൃഷി സ്ഥലത്തേക്ക് ആവശ്യമായ ജൈവവളങ്ങൾ അതതു പ്രദേശത്തു തന്നെ ഉൽപാദിപ്പിക്കാനുള്ള ശ്രമം ഉണ്ടാവണം. ജൈവ മാലിന്യമെല്ലാം തന്നെ വളമാക്കി മാറ്റാനും ശ്രമിക്കണം.

സസ്യ സംരക്ഷണത്തിനായി പരമാവധി ജൈവ-ജീവാണു കീടനാശിനികൾ ഉപയോഗിക്കാൻ ശ്രമിക്കണം. ഇവ മണ്ണുത്തി സെയിൽസ് കൗണ്ടറിലും കമ്മ്യൂണിക്കേഷൻ സെന്ററിലും ലഭ്യമാണ്.

<u>അറിയിപ്പ്</u>

1. കേരള കാർഷിക സർവ്വകലാശാല പ്രസിദ്ധീകരണമായ കല്പധേനു എന്ന ത്രൈമാസികയുടെ വരിക്കാരാകാൻ താൽപര്യമുള്ളവർ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററുമായി ബന്ധപ്പെടുക. വരിസംഖ്യാനിരക്ക്:- വാർഷികം 125/-അഞ്ചുവർഷം: 500/രൂപ. ഫോൺ: **0487-2370773, 9447838291**
2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ കർഷകർക്കായി 2020 ഫെബ്രുവരി 15-ാം തിയ്യതി 'അച്ചാർ നിർമ്മാണം', എന്ന വിഷയത്തിലും 18,19, 20-ാം തിയ്യതികളിൽ ബഡ്ഡിംഗ്, ലെയറിംഗ്, ഗ്രാഫ്റ്റിങ്ങ്, 22-ാം തിയ്യതി 'പൈനാപ്പിൾ - മൂല്യവർദ്ധനവ്' എന്ന വിഷയത്തിലും പരിശീലന പരിപാടികൾ നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ അവസരമുണ്ടായിരിക്കുകയുള്ളു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 0487 – 2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

ഒപ്പ്/-
പ്രൊഫസർ & ഹെഡ്